**കേരള സർക്കാർ**

സംഗ്രഹം

മൈനർ ഇറിഗേഷൻ ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പൂജ്യം ബാലൻസ് കറന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്കീം ലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **387/2018/ധന.** തിരുവനന്തപുരം, തീയതി **17 .01.2018**

പരാമർശം - ചീഫ് എഞ്ചിനീയറുടെ 13.12.2017 ലെ എഫ് 6/32004/2017 നമ്പരായുള്ള കത്ത്.

**ഉത്തരവ്**

ജി.എസ് .റ്റി. രജിസ്ട്രേഷനും അനുബന്ധ പണമിടപാടുകൾക്കുമായി ബാങ്ക് അക്കൗണ്ട് (സീറോ ബാലൻസ് കറന്റ് അക്കൗണ്ട്) തുടങ്ങുന്നതിന് അനുമതിയ്ക്കായി കോട്ടയം, ഇടുക്കി മൈനർ ഇറിഗേഷൻ ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എൻജിനീയർമാർ അപേക്ഷിച്ചിട്ടുണ്ടെന്നും മറ്റ് ഡിവിഷനുകളിലും ജി.എസ് .റ്റി. യുമായി ബന്ധപ്പെട്ട് സമാനരീതിയിലുള്ള ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതുണ്ട് എന്നും അതിനാൽ, ജി.എസ് .റ്റി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് വകുപ്പിന് കീഴിലുള്ള വിവിധ കാര്യാലയങ്ങൾക്ക് പൂജ്യം ബാലൻസ് കറന്റ് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നല്കണമെന്ന് ചീഫ് എഞ്ചിനീയർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി, മൈനർ ഇറിഗേഷൻ ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പൂജ്യം ബാലൻസ് കറന്റ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ